## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - സർക്കാർ സംഗീത കോളേജുകൾ - മൃദംഗം വിഭാഗം ലക്ചറർ - പൊതുസ്ഥലമാറ്റം -2020 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: ബി 3/5098/2020/കോ.വി.വ. തീയതി: 03/08/2020

---

പരാമർശം:-
1. ഈ കാര്യാലയത്തിലെ 08/01/2020 തീയതിയിലെ എ 1/60002/2020/കോ.വി.വ. നമ്പർ സർക്കുലർ.
2. ജി.ഒ.(എം.എസ്) നം. 27/1994/ഉ.വി.വ. തീയതി 21/02/1994.
3. ജി.ഒ.(എം.എസ്) നം. 114/2004/ഉ.വി.വ. തീയതി 01/08/2004.
4. ജി.ഒ.(പി) നം. 01/2005/ഉ.വി.വ. തീയതി 04/01/2006.
5. ജി.ഒ. (പി) നം. 06/2007/P&RD തീയതി 04/12/2007.
6. 28/05/2020 തീയതിയിലെ ബി 3/5098/2020/കോ.വി.വ. നമ്പർ കരട് സ്ഥലമാറ്റ പട്ടിക.
7. ജി.ഒ. (എം.എസ്) 130/2017/ഉ.വി.വ. തീയതി 16/05/2017.
8. ജി.ഒ.(പി) നം. 3/2017/P&RD തീയതി 25/02/2017.

### ഉത്തരവ്

സർക്കാർ സംഗീത കോളേജുകളിലെ മൃദംഗം വിഭാഗം ലക്ചറർമാരുടെ പൊതുസ്ഥലമാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിൻമേൽ പരാതി ഉണ്ടെങ്കിൽ ആയത് ഉത്തരവ് തീയതി മുതൽ പത്ത് ദിവസത്തിനകം സമർപ്പിക്കേണ്ടത് ആണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സൂചന (9) പ്രകാരം ഈ ഓഫീസിലേക്ക് അയച്ചു തന്ന ശ്രീ. സുധീർ പി.എൽ. -നെ അപേക്ഷ നിലവിലുള്ള നിയമപ്രകാരം പരിഗണിക്കാൻ കഴിയില്ലാത്തതിനാൽ ടി അപേക്ഷ നിരസിച്ചുകൊണ്ടും ചുവടെ കാണുന്ന പ്രകാരം സർക്കാർ സംഗീത കോളേജ് മൃദംഗം വിഭാഗം ലക്ചറർമാരെ അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥലം | സ്ഥലംമാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി. രാജേശ്വരി പി.എച്ച്.<br>ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ (അപേക്ഷ | ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജ്, തിരുവനന്തപുരം<br>ശ്രീ. സുധീർ പി.എൽ. -നെ മാറ്റുന്ന ഒഴിവിൽ |
| 2 | ശ്രീ. സുധീർ പി.എൽ.<br>ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജ്, തിരുവനന്തപുരം | ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ<br>ശ്രീമതി. രാജേശ്വരി പി.എച്ച്. -ന്റെ ഒഴിവിൽ |

സ്ഥലമാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, സ്ഥലംമാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്ന് വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
വി. വിഗ്നേശ്വരി ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ/അദ്ധ്യാപകർ
2. കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി. 5/8/20